മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ നൂറു പേരെ ഒഴിവാക്കിയെന്നുപറഞ്ഞതിൽ എത്ര ഈഴവർ പെട്ടിട്ടുണ്ട്?

മിസ്റ്റർ സി. ജെ. മാത്യു: ഫൻ പേർ.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ ഫൻ പേരുടെ പേരിലുള്ള ചാർജ്ജ് എന്തായിരുന്നു?

മിസ്റ്റർ സി. ജെ. മാത്യു: അതു് അധികവും ഫുഡ്കൺട്രോൾ പ്രവർത്തനത്തിൽ ശരിയായ നടപടി എടുത്തില്ല എന്നുള്ളതാണു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അവരുടെ പേരിൽ അതിന്നു വല്ല നടപടിയും എടുത്തിട്ടുണ്ടോ?

മിസ്റ്റർ സി. ജെ. മാത്യു: ഉവ്വു്. അവരോടു് അതിന്നു Explanation മേടിച്ചിട്ടാണു് ഒഴിവാക്കിയിരിക്കുന്നതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അവരിൽ ആരെങ്കിലും ക്രിമിനൽ കേസ്സിൽ പെട്ടതുകൊണ്ടു്—കൊലക്കേസ്സിലൊ മറ്റൊ പെട്ടതുകൊണ്ടു്—ജോലിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ടോ?

മിസ്റ്റർ സി. ജെ. മാത്യു: നോട്ടീസ്സുവേണം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ ഫൻ പേരുകഴിച്ചു് ബാക്കിയുള്ളവരെ എന്തു കാര്യത്തിനാണു് ഒഴിവാക്കീട്ടുള്ളതു്?

മിസ്റ്റർ സി. ജെ. മാത്യു: ഈ ഒഴിവാക്കീട്ടുള്ളവരിൽ അധികവും പൊക്കവും വണ്ണവും ഇല്ലാത്തവരാണു്. കുറെ പേരെ ഫുഡ്കൺട്രോൾ മെഷറിലെ നടപടിപ്രകാരമൂലം ഒഴിവാക്കീട്ടുണ്ടു്.

PADDY GIVEN TO MILLS—ARRANGEMENT REGARDING

100. മിസ്റ്റർ സി. കെ. നായർ:

താഴെ പറയുന്ന ചോദ്യത്തിനു മറുപടിപറയുവാൻ ഗവൺമെണ്ടിന്നു ദയവുണ്ടാകുമൊ.—എന്തെന്തു നിശ്ചയങ്ങളിന്മേലാണു് മില്ലുകളെ നെല്ലുകുത്തു ഏല്പിച്ചിട്ടുള്ളതെന്നു പറയുവാൻ ഗവൺമെണ്ടിന്നു ദയവുണ്ടാകുമോ?

മിസ്റ്റർ എം. എം. പോൾ:

മില്ലുടമസ്ഥന്മാർ നെല്ലു് അളവുകൊടുക്കുന്ന സ്ഥലങ്ങളിൽനിന്നും നെല്ലു് മില്ലുകളിലേയ്ക്കു കൊണ്ടുവരണം. അതിന്നു ഗവൺമെണ്ടിൽനിന്നും നിശ്ചയിച്ചിട്ടുള്ള കൂലി അവർക്കു കൊടുക്കുന്നതാണു്. മില്ലിലേക്കു കൊണ്ടുവരുന്ന നെല്ലു് കുത്തി കിട്ടുന്നിടത്തോളം നല്ല അരിയാക്കി സപ്ലൈ ഡിപ്പാർട്ട്മെണ്ടു ഉദ്യോഗസ്ഥന്മാരെ ഏല്പിച്ചുകൊടുക്കണം. നെല്ലു കുത്തുന്നതിന്നു ഗവൺമെണ്ടിൽനിന്നും നിശ്ചയിച്ചിട്ടുള്ള റേറനുസരിച്ചു അവർക്കു സംഖ്യ കൊടുക്കുന്നതാണു്. നെല്ലു് അളവെടുക്കുന്നതിന്നും കുത്തി ഉണ്ടാക്കുന്ന അരിക്കും, ഏല്പിച്ചു കൊടുക്കുന്ന അരിക്കും ശരിയായ കണക്കുകൾ വെക്കുന്നതിന്നും മില്ലുടമസ്ഥന്മാർ ചുമതലപ്പെട്ടവരായിരിക്കും. അങ്ങിനെ വെക്കുന്ന കണക്കു ശരിയാണെന്നു പരിശോധനാധികാരികളെ ബോദ്ധ്യപ്പെടുത്തണം.

മിസ്റ്റർ സി. കെ. നായർ: കടത്തുകൂലി നിശ്ചയിക്കുന്നതിൽ വല്ല പ്രത്യേക ചടങ്ങുകളുമുണ്ടോ? പത്തിരുപതുനാഴിക ദൂരത്തുനിന്നു് നെല്ലു് കൊണ്ടുവരേണ്ടതായിട്ടുണ്ടു്. അങ്ങിനെ കൊണ്ടുവരുന്നതിന്നുള്ള ചാർജ്ജു് നിശ്ചയിക്കുന്നതിൽ വല്ല പ്രത്യേക കണക്കുമുണ്ടോ?

മിസ്റ്റർ എം. എം. പോൾ: അതാതുസ്ഥലത്തെ കൂലിനിരക്കും ദൂരവുമനുസരിച്ചാണു് ട്രാൻസ്പോർട്ടു് ചാർജ്ജു് നിശ്ചയിക്കുന്നതു്.

മിസ്റ്റർ സി. കെ. നായർ: ഒരുസ്ഥലത്തുനിന്നു മറ്റൊരുനാട്ടിലേക്കു് കൊണ്ടുപോകുന്നതിന്നു എത്രനിരക്കാണു് നിശ്ചയിച്ചിട്ടുള്ളതു്?

മിസ്റ്റർ എം. എം. പോൾ: ഓരോനാട്ടിലും ഓരോ റേറു് നിശ്ചയിച്ചിട്ടുണ്ടു്. അതനുസരിച്ചുകൊടുക്കും.

Mr. P. P. Devassy *(Trichur-South)*: May I know whether there is any arrangement to make sure that the whole quantity received by a particular mill is being delivered back?

Mr. M. M. Paul *(Director of Food Supplies)*: There are accounts of the quantity delivered and quantity returned.

LIBRARY ARCHIVES Kerala Legislative Assembly

Mr. P. P. Devassy *(Trichur-South):* May I know whether anybody is appointed to watch the processes?

Mr. M. M. Paul *(Director of Food Supplies):* Yes. There are one field officer and two watchmen.

Mr. P. P. Devassy *(Trichur-South):* May I know the pay of these watchmen?

Mr. M. M. Paul *(Director of Food Supplies):* Rs. 15.

Mr. P. P. Devassy *(Trichur-South):* May I take it that the Field Officers visit only occasionally?

Mr. M. M. Paul *(Director of Food Supplies):* They are Field Officers appointed for this. They are there.

Mr. P. P. Devassy *(Trichur-South):* How many Field Officers are there in Trichur?

Mr. M. M. Paul *(Director of Food Supplies):* Two.

Mr. P. P. Devassy *(Trichur-South):* How many mills are there for milling rice.

Mr. M. M. Paul *(Director of Food Supplies):* 31 mills are employed on the whole. In Trichur, 16.

Mr. T. P. Poulose *(Kanayannur):* May I know the quantity of rice given by the mills per para of paddy?

Mr. M. M. Paul *(Director of Food Supplies):* I want notice.

Mr. T. P. Poulose *(Kanayannur):* May I know approximately.

Mr. M. M. Paul *(Director of Food Supplies):* It will roughly be about 50 per cent.

Mr. K. Narayana Menon *(Mulakunnathukavu):* May I know, Sir, whether owners who have leased out their properties as distinct from cultivators have been rationed?

Mr. M. M. Paul *(Director of Food Supplies):* No.

Mr. K. Narayana Menon *(Mulakunnathukavu):* May I take it that my question will be understood in the light in which it is put.

Mr. M. M. Paul *(Director of Food Supplies):* Certainly.

Mr. P. Kumaran Ezhuthassan *(Vadakkancheri):* May I know, Sir, further, how many classes of persons other than the class mentioned in answer to the supplementary question, have not been rationed?

Mr. M. M. Paul *(Director of Food Supplies):* The only class we have not rationed is those who have their own paddy, as either landlords or as tenants. They have been allowed to retain their paddy. Some period is allowed to exhaust that quantity, and after that they will be issued ration cards.

RATION SCHEME

101. Mr. K. Narayana Menon *(Mulakunnathukavu):* Will Government be pleased to state.—

whether they will bring into effect an all Cochin ration scheme with reasonable exemptions being granted in essential cases to provide against all chances of hoarding, secretion and black-market adequate provision being made for future operations of agriculture with products placed in the custody of the Government?

Mr. M. M. Paul *(Director of Food Supplies):* An all Cochin ration scheme has been introduced. But the cultivators have not been rationed.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: മിലിറ്ററിയിൽ പോയിട്ട് അവധിയിൽ വരുന്നവർക്ക് റേഷൻ കൂട്ടിക്കൊടുക്കുന്നുണ്ടോ?

മിസ്റ്റർ എം. എം. പോൾ: ഇല്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ബ്രിട്ടീഷിൽ മിലിറ്ററിയിൽ പോയിട്ട് അവധിയിൽ വരുന്നവർക്ക് റേഷൻ കൂട്ടികൊടുക്കുന്നുണ്ട്.

മിസ്റ്റർ എം. എം. പോൾ: കൊച്ചിസർക്കാരിൽനിന്നു അരി കൊടുക്കുന്നില്ല. ബ്രിട്ടീഷിൽനിന്നു അവർ കൊണ്ടുവരുന്ന അരി അവർ എടുക്കുന്നുണ്ട്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അരികൊടുത്തില്ലെങ്കിൽ അവരുടെ ശരീരം ക്ഷീണിക്കുകയില്ലെ? അതുകൊണ്ട് അവർക്ക് അരി കൂട്ടികൊടുക്കണ്ടെ?

മിസ്റ്റർ എം. എം. പോൾ: അതിനുമാത്രം അരിയില്ല.

Mr. P. Kumaran Ezhuthassan *(Vadakkancheri):* May I know, Sir, in what sense the Government have been pleased to use the expression "All-Cochin ration" in the answer?

Mr. M. M. Paul *(Director of Food Supplies):* Throughout the State.

LIBRARY ARCHIVES Kerala Legislative Assembly